*Celebrating Extraordinary Missionary Month October 2019…*

**Sunday, 27 October 2019**

ഏലിയാ സ്ലീവാ മൂശാകാലം എട്ടാം ഞായർ

Mt 22:23-33 (പുനരുത്ഥാന വിവാദം)

Fr. Winson Moyalan CMI

പുനരുത്ഥാന വിഷയം യഹൂദർക്ക് ഇടയിൽ എന്നും ഒരു വിവാദമായിരുന്നു. സദ്ദുക്കായ പക്ഷം പുനരുത്ഥാനം ഒരു മിഥ്യയാണെന്ന് വാദിക്കുന്നു. അവർ വേദപുസ്തകത്തിലെ ആദ്യ അഞ്ച് ഗ്രന്ഥങ്ങളായ - പഞ്ചഗ്രന്ഥി മാത്രമേ അംഗീകരിച്ചിരുന്നുള്ളൂ. അതിൽ പുനരുത്ഥാനത്തെക്കുറിച്ച് ഒന്നും തന്നെ പറയുന്നില്ലത്രേ! പ്രമുഖ പുരോഹിതനായ സാദുക്കിന്റെ പിൻഗാമികളാണവർ. ഏറെ പാണ്ഡിത്യവും, സ്വാധീനവും ഉള്ള ഒരു വിഭാഗമാണവർ. യേശുവിന്റെ കാലത്ത് പ്രധാന പുരോഹിതനായ കയ്യാപ്പാ ഈ വിഭാഗത്തിൽപ്പെട്ടവനായിരുന്നു.

ഫരിസേയ വിഭാഗമാകട്ടെ, മറ്റ് വേദഗ്രന്ഥങ്ങളും അംഗീകരിച്ചിരുന്നതുകൊണ്ട് മരണശേഷം പുനരുത്ഥാനമുണ്ടെന്ന് വിശ്വസിച്ചു.

"അങ്ങയുടെ മരിച്ചവർ ജീവിക്കും; അവരുടെ ശരീരം ഉയർത്തെഴുന്നേല്ക്കും. പൂഴിയിൽ ശയിക്കുന്നവരെ, ഉണർന്ന് സന്തോഷ കീർത്തനം ആലപിക്കുവിൻ." (ഏശ26:19)

"ഭൂമിയിലെ പൊടിയിൽ ഉറങ്ങുന്ന അനേകർ ഉണരും. ചിലർ നിത്യജീവനും, മറ്റുചിലർ നിത്യനിന്ദയുമണയും. ജ്ഞാനികൾ ആകാശവിതാനത്തിന്റെ പ്രഭ പോലെ തിളങ്ങും." (ദാനി 12: 2ff)

ഈ വചനങ്ങളുടെയൊക്കെ അടിസ്ഥാനത്തിലാണ് പുനരുത്ഥാന ചിന്തകൾ ഫരിസേയ വിഭാഗം മുന്നോട്ടുവയ്ക്കുന്നത്.

ഇങ്ങനെ ദൈവശാസ്ത്രപരമായ തർക്കങ്ങളിൽ മുഴുകിയിരുന്ന യഹൂദജനത്തോടാണ് യേശു ഈ ലോകജീവിതകാലശേഷമുള്ള നിത്യജീവിതത്തെക്കുറിച്ചും, അവനിൽ വിശ്വസിക്കുന്നവർ മരിച്ചാലും ജീവിക്കും എന്നൊക്കെ എപ്പോഴുമെപ്പോഴും പഠിപ്പിച്ചു കൊണ്ടിരുന്നത്. ഇതൊക്കെ ശ്രദ്ധാപൂർവ്വം വീക്ഷിച്ചു കൊണ്ടിരുന്ന സദ്ദുക്കായ പക്ഷം യേശുവിനോട് കടുത്ത വൈരാഗ്യം വച്ചു പുലർത്തിയിരുന്നു.

അതു കൊണ്ടാണ് യേശുവിനേയും, ഒപ്പം ഫരിസേയരേയും കുരുക്കുന്ന അതിശയോക്തി കലർന്ന ഒരു സങ്കല്പകഥയുമായി, വാക്കിൽ കുടുക്കാൻ ശ്രമിക്കുന്നത്. ഏഴ് സഹോദരന്മാരും ഒരു സ്ത്രീയെ വിവാഹം കഴിച്ചുവത്രേ! പുനരുത്ഥാനമുണ്ടെങ്കിൽ അപ്പോൾ ഇവരിൽ ആരുടെ ഭാര്യയായിരിക്കും ആ സ്ത്രീ എന്ന ചോദ്യത്തിന് യുക്തമായ മറുപടി പറയാൻ യേശുവിന് കഴിയില്ലെന്ന് അവർ ധരിച്ചു പോയി. യേശുവിന്റെ നേരെയുള്ള പുച്ഛഭാവം നിറഞ്ഞ ഒരു നോട്ടവും, ഭാവവുമായിരുന്നു അവർക്ക്.

മനുഷ്യന് ഇക്കാര്യങ്ങളൊക്കെ വെറും സങ്കല്പ ചിന്തകളാണ്. ആരും തന്നെ ഇതിന്റെ യാഥാർത്ഥ്യം അറിഞ്ഞവരായിട്ടില്ല. എന്നാൽ സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി വന്നവന് സ്വർഗ്ഗത്തിലെ അവസ്ഥ കൃത്യമായി അറിയാം. ലോകത്തിലെ എത്ര വലിയ പണ്ഡിതനും, പ്രധാന പുരോഹിതനായാൽപ്പോലും സ്വർഗ്ഗീയകാര്യങ്ങളെക്കുറിച്ച് ഒന്നും തന്നെ ഉറപ്പിച്ച് പറയാൻ കഴിയില്ല. എന്നിട്ടും അവർ എത്ര ഗർവ്വോടു കൂടിയാണ് ദൈവിക നിയമങ്ങളേയും, രഹസ്യങ്ങളേയും വ്യാഖ്യാനിക്കുകയും, പഠിപ്പിക്കുകയും ചെയ്തിരുന്നത്. ഇതാ ഇപ്പോൾ സ്വർഗ്ഗത്തിൽ നിന്നും വന്ന ദൈവപുത്രനെപ്പോലും അവർ പുച്ഛിക്കുന്നു.

ഇതാണ് മനുഷ്യന്റെ ദുരവസ്ഥ. എല്ലാം അറിയുന്നവർ, എല്ലാം തികഞ്ഞവർ എന്ന ഭാവം എവിടെയുണ്ടോ, അവിടെയൊക്കെ ഇത് പോലെയുള്ള അസ്വസ്ഥതയുളവാകും. ഭാഗിക അറിവ് വച്ച് വീമ്പിളക്കുകയാണ് ഓരോ വിഭാഗവും. കുടുംബത്തിലും, സമൂഹത്തിലും, രാഷ്ട്രീയത്തിലും, മതങ്ങൾ തമ്മിലുമൊക്കെയുള്ള എല്ലാ സ്പർദ്ധയ്ക്കും, വിഭാഗീതയതയ്ക്കും അടിസ്ഥാനം ഈ വിട്ടുവീഴ്ചയില്ലാത്ത കടുംപിടുത്തമാണ്.

മനുഷ്യബുദ്ധിക്ക് പൂർണ്ണമായി ഗ്രഹിക്കാൻ ഒരിക്കലും സാധിക്കാത്ത ദൈവീക രഹസ്യങ്ങളെക്കുറിച്ച് വഴക്കടിച്ച്, തമ്മിൽ തല്ലി, തല പൊളിക്കുന്ന മനുഷ്യർ എത്ര അപക്വമതികളാണ്. ദൈവം നമ്മെ സൃഷ്ടിച്ചിരിക്കുന്നത് തമ്മിൽത്തമ്മിൽ വഴക്കടിക്കാനും വാശി തീർക്കാനുമല്ല. നമ്മിൽ നിക്ഷിപ്തമാക്കിയിരിക്കുന്ന ആത്മാവിനെ പരിപോഷിപ്പിക്കാനാണ്.

ഈ പ്രപഞ്ചത്തേയും അതിലെ സകല ചരാചരങ്ങളേയും സൃഷ്ടിച്ച ദൈവം മനുഷ്യനെ സ്വന്തം ഛായയിൽ ഉരുവാക്കി. സ്വന്തം ഛായ എന്നാൽ ദൈവീക ജീവൻ എന്നാണല്ലോ? ദൈവീക ജീവൻ അവസാനമില്ലാത്തതും, അനശ്വരവുമാണ്. മനുഷ്യ ജീവൻ മരണത്തോടെ അവസാനിക്കും. ദൈവീക ജീവന് ഒരിക്കലും അവസാനമില്ല. അനശ്വരമായ ഈ ദൈവീക ജീവനാണ് പുനരുത്ഥാനത്തിന്റെ അടിസ്ഥാനമെന്ന് യേശു പഠിപ്പിക്കുന്നത്. " ഞാൻ അബ്രാഹത്തിന്റെ ദൈവവും, ഇസഹാക്കിന്റെ ദൈവവും, യാക്കോബിന്റെ ദൈവവുമാണ് " എന്ന് പഞ്ചഗ്രന്ഥിയിലെ തന്നെ പുസ്തകമായ നിയമാവർത്തനത്തിൽ നിന്ന് ഒരു ഉദ്ധരണി നല്കികൊണ്ട് വീണ്ടും ദൈവം മരിച്ചവരുടെയല്ല, ജീവിക്കുന്നവരുടെ ദൈവമാണ് എന്ന് യേശു സ്ഥാപിക്കുന്നു.

"വിശുദ്ധ ലിഖിതമോ, ദൈവത്തിന്റെ ശക്തിയോ തിരിച്ചറിയാത്തതിനാലാണ് നിങ്ങൾക്ക് തെറ്റുപറ്റുന്നത് " എന്ന ഒറ്റ വചനത്തിൽ അവൻ സദ്ദുക്കായരുടെ വായടച്ചു കളഞ്ഞു. മത്തായി സുവിശേഷം എഴുതുമ്പോൾ പുനരുത്ഥാനം എന്ന സങ്കല്പം കുറേ കൂടി ഉറപ്പുള്ള ഒരു സത്യമായി തീർന്നിരുന്നു. കാരണം യേശു മരിച്ചവരിൽ നിന്ന് ഉയിർത്ത് സ്വർഗ്ഗാരോഹണം ചെയ്ത് കഴിഞ്ഞിരുന്നു. എല്ലാ മനുഷ്യരുടേയും അച്ചാരമാണ് അവന്റെ ഉയിർപ്പ്.

പുനരുത്ഥാനം മരണശേഷം ആരംഭിക്കാനുള്ളതല്ല, അത് ജീവിതകാലത്ത് തന്നെ മനുഷ്യനിൽ ആരംഭിക്കേണ്ടതാണ്. "വീണ്ടും ജനിക്കുക" എന്നാണ് യേശു ഇതിനെക്കുറിച്ച് പറയുന്നത്. ഈ സത്യാന്വേഷണം എന്നും മനുഷ്യനിലുണ്ട്. "എന്റെ സത്യാന്വേഷണ കഥകൾ" എന്ന മഹാത്മാഗാന്ധിയുടെ ആത്മകഥ പ്രസിദ്ധമാണല്ലോ? "നീർച്ചാൽ തേടി നടക്കുന്ന മാൻ പേടയെപ്പോലെ എന്റെ ഹൃദയം അങ്ങയെ തേടുന്നു" എന്ന് സങ്കീർത്തകനും പാടുന്നു. നമ്മുടെ പരിമിതികൾ കൊണ്ട് അത് കണ്ടെത്താനോ, കണ്ടെത്തിയാൽ പ്രകാശിപ്പിക്കാനോ നമുക്ക് കഴിയുന്നില്ല.
"പൂർണ്ണമായത് ഉദിക്കുമ്പോൾ അപൂർണ്ണമായത് ഇല്ലാതാകുന്നു.. ഇപ്പോൾ കണ്ണാടിയിലൂടെ അവ്യക്തമായി കാണുന്നു; അപ്പോഴാകട്ടെ മുഖാഭിമുഖം ദർശിക്കും. ഇപ്പോൾ ഞാൻ ഭാഗികമായി അറിയുന്നു; അപ്പോഴാകട്ടെ പൂർണ്ണമായും അറിയും." (2 cor 13 ) എന്ന വചനമൊക്കെ പുനരുത്ഥാനത്തെക്കുറിച്ചുള്ള യേശുവിന്റെ പ്രബോധനവുമായി ബന്ധപ്പെട്ട് വായിക്കേണ്ടവയാണ്.

മരിച്ചവരെ ഓർക്കുക എന്നത് എല്ലാ മതത്തിലും ഒരുപോലെയാണ്. നന്മ പ്രവർത്തികളിലൂടെയാണ് നാം നമ്മുടെ പൂർവ്വികർക്ക് വേണ്ടി പ്രാർത്ഥനകൾ കാഴ്ചവയ്ക്കേണ്ടത്. മദർ തെരേസയ്ക്ക് ജീവകാരുണ്യ പ്രവർത്തനത്തിന് പ്രേരകമായതും, മറിയം ത്രേസ്യയെ വസൂരി രോഗികളെപ്പോലും ശുശ്രൂഷിക്കാൻ പ്രേരിപ്പിച്ചതുമൊക്കെ ഈ അദൃശ്യ പ്രേരണയാണ്. മരണ ശേഷം "കണ്ണ് കണ്ടിട്ടില്ലാത്തതും കാത് കേട്ടിട്ടില്ലാത്തതുമായ അനുഭൂതി വിശേഷങ്ങ"ളോടെയുള്ള ദൈവത്തോടൊപ്പമുള്ള ഒരു ജീവിതത്തിലാണ് ഒരു വിശ്വാസി പ്രതീക്ഷ വച്ചിരിക്കുന്നത്.

കത്തോലിക്കാ സഭയുടെ വിശ്വാസ പ്രമാണവും പുനരുത്ഥാനത്തിലുള്ള വിശ്വാസം - പുണ്യവാന്മാരുടെ ഐക്യത്തിലും എന്ന് ഏറ്റു പറഞ്ഞു കൊണ്ട് പ്രഖ്യാപിക്കുന്നുണ്ടല്ലോ? നവംബർ 1, നവംബർ 2 എന്ന തീയതികൾ കത്തോലിക്കാ സഭ കൊണ്ടാടുന്നതും ഈ വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണല്ലോ?.

*Published by*
CMI General Department of Evangelization and Pastoral Ministry